'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' (പോപ്പ് ലെയോ XIII)



# മിഷൻ ജ്യോതി

സ്നേഹം – ത്യാഗം – സേവനം– സഹനം

വാർത്ത പത്രിക

വാല്യം – 9
ലക്കം – 1

## ചെറുപുഷ്പ മിഷൻ ലീഗ്, തലശ്ശേരി അതിരൂപത

ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്


## ഇടയമൊഴി



പ്രിയപ്പെട്ട കുഞ്ഞുമിഷണറിമാരെ...

ഏഷ്യയിലെ ഏറ്റവും വലിയ അത്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിനെ സംബന്ധിച്ചിടത്തോളം ഇത് പ്ലാറ്റിനം ജൂബിലി വർഷമാണ്. മിഷൻലീഗ് സംഘടനയുടെ സ്ഥാപനത്തിന്റെ 75 വർഷങ്ങൾ പിന്നിടുമ്പോൾ തലശ്ശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗിന്റെ മുഖപത്രമായ മിഷൻജ്യോതി ജൂബിലി വിഭവങ്ങളും വിശേഷങ്ങളുമായി പുറത്തിറങ്ങുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ജൂബിലി വർഷം കൃതജ്ഞതയുടെ വർഷമാണ്. നാളിതുവരെ മിഷൻലീഗ് സംഘടനയിലൂടെ ദൈവം ചൊരിഞ്ഞ കൃപകളെ പ്രതി നന്ദി പറയാനുള്ള അവസരമാണിത്. ഒപ്പം ഇതിന്റെ സ്ഥാപക ലക്ഷ്യങ്ങളെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരായി തീക്ഷ്ണതയോടെ പ്രവർത്തിക്കാനുള്ള ഊർജ്ജം സ്വീകരിക്കാനുള്ള അവസരവുമാണിത്. കുട്ടികളുടെ വിശ്വാസപരിപോഷണത്തിനും മിഷൻ ചൈതന്യം വളർത്തിയെടുക്കുന്നതിനും മൂല്യബോധമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുന്നതിനും വ്യക്തിത്വത്തിന്റെ സമഗ്രമായ വികസനത്തിനും വേണ്ടി മിഷൻലീഗ് ചെയ്യുന്ന വിവിധങ്ങളായ പദ്ധതികൾ ശ്ലാഘനീയമാണ്. ഈ ജൂബിലി വർഷത്തിൽ കുഞ്ഞുങ്ങൾക്കുവേണ്ടി നിങ്ങൾ ഒരുക്കുന്ന എല്ലാപദ്ധതികൾക്കും എല്ലാ ഭാവുകങ്ങളും നേരുകയാണ്.

വിശ്വാസത്തിലും ആത്മീയതയിലും സുവിശേഷ മൂല്യങ്ങളിലും മാനുഷിക മൂല്യങ്ങളിലും വളരാൻ മിഷൻലീഗ് പ്രവർത്തനങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പ്രേഷിത മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാധ്യസ്ഥം നിങ്ങൾക്ക് ശക്തിപകരട്ടെ.

*അനുഗ്രഹാശംസകളോടെ,*

**മാർ ജോർജ്ജ് ഞറളക്കാട്ട്**

നിങ്ങളുടെ വത്സലപിതാവ്

## ചെറുപുഷ്പ മിഷൻ ലീഗ് 75–ാം വർഷത്തിലേക്ക്



**ചെ**റുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സംഘടിപ്പിക്കുമ്പോൾ ആശംസകൾ നേരുന്നതിനോടൊപ്പം ചില ഉത്കണ്ഠകളും പങ്കുവെക്കുവാൻ ആഗ്രഹിക്കുന്നു. ഓർമ്മവെച്ച കാലം മുതൽ മിഷൻലീഗിന്റെ കൂടെ നടന്നു. ആറു വർഷക്കാലം മിഷൻ ലീഗിനെ കൊണ്ടുനടന്നു. 10 വർഷക്കാലം അതിരൂപതാ ഡയറക്ടറായി. സ്ഥാപകനായ കുഞ്ഞേട്ടനും (പി.സി. അബ്രഹാം പല്ലാട്ടുകുന്നേൽ) സ്ഥാപക ഡയറക്ടറായ മാലിപ്പറമ്പിലച്ചനും പകർന്നു തന്ന പ്രേഷിത ചൈതന്യം സ്ഥാപകസിദ്ധി ഇന്ന് ചോർന്നുപോകുന്നോ എന്നതാണ് ഉത്കണ്ഠ.

മറ്റെല്ലാ സംഘടനകളും പോലെ മിഷൻ ലീഗിനെയും ഒരു സംഘടനയായി കണക്കാക്കിയാൽ പിന്നെ പ്രസക്തിപോയി, മിഷൻലീഗ് ഒരു സുവിശേഷ ചൈതന്യമാണ്. പ്രേഷിതാവേശമാണ്. അയൽക്കാരനെയും ആവശ്യത്തിലായിരിക്കുന്നവനേയും കാണുവാനുള്ള ഉൾക്കണ്ണു തുറക്കണമെങ്കിൽ വചനമാകുന്ന വെളിച്ചം ഇരുളിൽ തെളിയണം. "അച്ചാ നമുക്കും ഒരു വേദപ്രചാര സംഘം തുടങ്ങാം" എന്ന് പറഞ്ഞാണ് കുഞ്ഞേട്ടൻ ആദ്യമായി മാലിപ്പറമ്പിലച്ചനെ

(ശേഷം പേജ് 2 ൽ)

### സ്ഥാപക ഡയറക്ടർ



**ഫാ. ജോസഫ് മാലിപ്പറമ്പിൽ**

ജനനം: 1909 ഡിസംബർ 24
മരണം: 1998 സപ്തംബർ 9
അന്ത്യവിശ്രമം: ആർപ്പൂക്കര ചെറുപുഷ്പ ദേവാലയ സെമിത്തേരി

### സ്ഥാപക നേതാവ്



**പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ**
(കുഞ്ഞേട്ടൻ)

ജനനം: 1925
മരണം: 2009 ആഗസ്ത് 11
അന്ത്യവിശ്രമം: ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ ദേവാലയ സെമിത്തേരി

## വി. യൗസേപ്പ് കുടുംബങ്ങളുടെ കാവൽക്കാരൻ



**യൗ**സേപ്പ് കാവൽക്കാരനാണ്; തന്റെ ജീവിത പങ്കാളിയുടെ, ദൈവ പുത്രന്റെ, തിരുകുടുംബത്തിന്റെ, തിരുസഭയുടെ, തൊഴിലാളികളുടെ, മരണാസന്നരുടെ, കുടുംബ ജീവിതക്കാരുടെ ...വൈരുദ്ധ്യാത്മകമായ ഈ പട്ടിക നീളാൻ കാരണം, യൗസേപ്പിതാവിന്റെ ഹൃദയത്തിന് ദൈവപിതാവിന്റെ ഹൃദയത്തോളം ആഴവും പരപ്പുമുണ്ടായിരുന്നുഎന്നതാണ്. അദ്ദേഹം ദൈവ പിതാവിന്റെ ഭൂമിയിലെ നിഴലു മാത്രമല്ല സജീവ പ്രാതിനിധ്യവുമായിരുന്നു.

യൗസേപ്പിതാവിനെ അവതരിപ്പിക്കാൻ മത്തായി സുവിശേഷകൻ രണ്ടു വിശേഷണങ്ങളാണ് നൽകുന്നത്. **1.** യൗസേപ്പ് നീതിമാനായിരുന്നു. **2.** യൗസേപ്പ് തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്തവനായിരുന്നു. പഴയനിയമത്തിൽ നീതി എന്നാൽ നിയമം അക്ഷരശ്ശ അനുസരിക്കുന്നതിലൂടെ സാധ്യമാകുന്നതാണ്. നിയമം കടുകിട തെറ്റാതെ അനുസരിക്കുന്നവനെ മാത്രമേ നീതിമാൻ എന്നു വിളിക്കാനാവൂ. എന്നാൽ നിയമലംഘനം നടത്തുന്ന യൗസേപ്പിനെ "നീതിമാൻ" എന്ന് വിളിച്ചുകൊണ്ടാണ് പുതിയ നിയമത്തിന്റെ വിപ്ലവകരമായ ആത്മീയതയെ മത്തായി സുവിശേഷകൻ അവതരിപ്പിച്ച് തുടങ്ങുന്നത്.



മാർ ജോസഫ് പാംപ്ലാനി

യൗസേപ്പിന്റെ നിയമലംഘനത്തിനുള്ള കാരണമാണ് പരമപ്രധാനം. "അവൻ തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെട്ടില്ല" എന്നത്. കാരണം എന്തുമാകട്ടെ താൻമൂലം ഈ ഭൂമിയിൽ ഒരു തുള്ളി കണ്ണുനീരുപോലും വീഴാൻ ഇടവരരുത് എന്ന ആത്മീയതയാണ് യൗസേപ്പിന്റെ ശ്രേഷ്ഠതയ്ക്ക് ആധാരം. ഈ യൗസേപ്പിന്റെ

(ശേഷം പേജ് 2 ൽ)

(ഒന്നാം പേജിൽ നിന്ന് തുടർച്ച)


സമീപിക്കുന്നത്. കുറച്ച് പണം സംഘടിപ്പിച്ച് മിഷനുകളിലേക്ക് അയച്ചു കൊടുക്കുന്നതിനുമപ്പുറം മിഷൻലീഗ് അംഗങ്ങളിൽ അപരോന്മുഖത്വം ഉണ്ടാകണം. അന്ധന് കാഴ്ച കൊടുത്തും, രോഗികളെ സുഖപ്പെടുത്തിയും, വിശക്കുന്നവനുമായി ആഹാരം പങ്കുവെച്ചും മുടന്തനെ നടത്തിയും മനുഷ്യന് സമ്പൂർണ്ണത നൽകിയ യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കണം മിഷൻലീഗ് അംഗങ്ങൾ.

ആദ്യകാല മിഷൻലീഗ് പ്രവർത്തകരുടെ തീപ്പെട്ടി അരിയും, മിഷൻ കോഴിയും, കപ്പയും ചേനയും പ്രവർത്തകരെ വ്യക്തിപരമായി ചലിപ്പിച്ചിരുന്നു. തങ്ങളുടെ ആവശ്യങ്ങൾ പരിമിതപ്പെടുത്തിയും ആശയടക്കം പരിശീലിച്ചും സ്വന്തം ത്യാഗത്തിൽ നിന്ന് മിച്ചം വെക്കുവാനും അത് ഇല്ലാത്തവനുമായി പങ്കുവെക്കുവാനും ശീലിച്ചിരുന്നു. കുഞ്ഞേട്ടൻ കുട്ടികൾക്ക് എഴുതിയ കത്തിലെ ഒരു ചോദ്യം. “നിങ്ങളുടെ അനുദിന ചിലവുകൾ ചുരുക്കി ഒരു ദിവസം അഞ്ചു പൈസയെങ്കിലും മിച്ചം വെക്കുവാൻ സാധിക്കുകയില്ലേ? സാധുവിദ്യാർത്ഥി ഫണ്ട് എന്നെഴുതിയ ഒരു ടിൻ നിങ്ങൾക്കുണ്ടായിരിക്കട്ടെ”. കുറച്ച് പൈസ പിരിക്കുന്നതിലല്ല മിഷൻ ചൈതന്യം മറിച്ച് സ്വന്തം ജീവിതത്തെ ആവശ്യത്തിലായിരിക്കുന്നവനുമായി ബന്ധിപ്പിക്കുന്നതാണ് മിഷൻ ചൈതന്യം അഥവാ പ്രേഷിത ചൈതന്യം.

ഇന്ന് മിഷൻലീഗ് കൂടുതൽ പ്രസക്തമാവുകയാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം വർദ്ധിക്കുന്നു. ഉള്ളവൻ ഉന്നതർക്കു മാത്രം പ്രാപ്യമായ ഇംഗ്ലീഷ് മീഡിയത്തിലേക്ക് പോകുന്നു. ഇല്ലാത്തവൻ പഠിക്കുന്ന സ്കൂളുമായി അവിടുത്തെ കുട്ടികളുമായി അവന് ബന്ധമില്ല മറിച്ച് വ്യത്യസ്ത ലോകങ്ങളിലാണ്. ഇവർക്കു ഒന്നിച്ചുകാണുവാനും ഒന്നിച്ചു പ്രവർത്തിക്കുവാനും വേദി ഒരുക്കുക മിഷൻലീഗാണ്. ഇല്ലാത്തവനെ കാണാൻ അവസരം ഒരുക്കാത്ത സാമൂഹിക വിവേചനം ഇന്നത്തെ വിദ്യാഭ്യാസരീതി ഉണ്ടാക്കുന്നുണ്ട്.

പ്രവർത്തനത്തോടൊപ്പം മിഷൻലീഗ് സ്വഭാവ രൂപീകരണവും മനോഭാവ പരിവർത്തനവും സംജാതമാക്കുന്നു. ചെറുപുഷ്പ മിഷൻ ലീഗിന് ഒരു തിരിച്ച് നടപ്പ് അനിവാര്യമായിരിക്കുന്നു എന്ന് തോന്നിപോകുന്നു.

മിഷൻലീഗ് ഒരു അൽമായ പ്രേഷിത സംഘടനയാണെന്ന ചിന്തയും പുതുക്കുവാനാഗ്രഹിക്കുന്നു. “ഏഷ്യയിലെ ഏറ്റവും വലിയ അൽമായ പ്രേഷിത പ്രസ്ഥാനം” എന്ന് അഭിമാനത്തോടെ എല്ലാവരും പറയാറുണ്ട്. കർമ്മനിരതനായ ഒരു അൽമായ പ്രേഷിതന്റെ മിഷൻ ചൈതന്യത്തിനും ആവേശത്തിനും രൂപവും ഭാവവും നൽകാൻ സഹായിക്കുക മാത്രമാണ് ചെയ്തതെന്ന് ബഹുമാനപ്പെട്ട മാലിപ്പറമ്പിലച്ചൻ പറയാറുണ്ടായിരുന്നു. അൽമായ പ്രേഷിതരെ വളർത്തിയെടുക്കുവാൻ പ്രേഷിതാവേശം വളർത്തുവാൻ ഇതിനെല്ലാമാണ് മിഷൻ ലീഗ് എന്ന് ഞാൻ കരുതുന്നു.



ഫാ. അബ്രാഹം പോണാട്ട്

## അഭിനന്ദനങ്ങൾ



അതിരൂപതയുടെ യശസ്സ് സംസ്ഥാന തലത്തിലേക്ക് ഉയർത്തി സംസ്ഥാന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട **ശ്രീ ബേബി പ്ലാശ്ശേരി സാറിന്** അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ..

ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്...

“നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.”

## പ്ലാറ്റിനം ജൂബിലി പ്രാർത്ഥന



പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമേ, അവർണ്ണനീയമായ അങ്ങേ ദാനങ്ങൾക്കും , വിശിഷ്യ, ഞങ്ങളുടെയും സർവ്വജനത്തിന്റെയും രക്ഷകനായി അങ്ങേ പ്രിയപുത്രനായ ഈശോമിശിഹായെ നൽകിയ അനന്തകാരുണ്യത്തിനും ഞങ്ങൾ നന്ദി പറയുന്നു. ദൈവരാജ്യത്തിന്റ സുവിശേഷം ലോകമെങ്ങും അറിയിക്കുവാൻ തിരുസഭയെ അങ്ങ് ഭരമേല്പിച്ചിരിക്കുകയാണല്ലോ. ഈ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുവാൻ ചെറുപുഷ്പ മിഷൻ ലീഗിലൂടെ അനേകായിരങ്ങൾക്ക് അവസരം നല്കിയ ദൈവമേ, പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന മിഷൻ ലീഗിനേയും അതിന് നേതൃത്വം നൽകുന്നവരെയും എല്ലാ മിഷനറിമാരെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ നവമായ അഭിഷേകത്താൽ ജൂബിലി വർഷത്തിലെ എല്ലാ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കണമെ. ധാരാളം നല്ല ദൈവവിളികൾ നൽകി തിരുസഭയെ സമ്പന്നമാക്കണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ചെറുപുഷ്പ മിഷൻ ലീഗിനെ നട്ടു നനച്ച് വളർത്തി പരിപോഷിപ്പിക്കുവാൻ ജീവിതവും ജീവനും നൽകി യത്നിച്ച ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട സകല പ്രവർത്തനങ്ങളും അങ്ങയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങയുടെ നേതൃത്വവും ദിവ്യസാന്നിധ്യവും നൽകി ഞങ്ങളെ എല്ലാവരെയും നയിക്കണമെ. ചെറുപുഷ്പമിഷൻ ലീഗിലൂടെ ലോകം മുഴുവൻ അങ്ങയെ അറിയുവാനും സഭാതനയർ പ്രേഷിത തീക്ഷണതയാൽ ജ്വലിക്കുവാനും ഇടയാക്കണമേ, ആമ്മേൻ.

1 സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......
1 നന്മ നിറഞ്ഞ മറിയമേ......
1 ത്രിത്വസ്തുതി.


ഈശോയുടെ പരിശുദ്ധ ഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ......
മറിയത്തിന്റെ വിമല ഹൃദയമേ, ഭാരതത്തിനു വേണ്ടി പ്രാർത്ഥിക്കണമേ.....
വിശുദ്ധ തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.....
വിശുദ്ധ ഫ്രാൻസിസ് സേവ്യറേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ......
വിശുദ്ധ കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.........
വിശുദ്ധ അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.....

ചെറുപുഷ്പ മിഷൻലീഗ്-കേരള സംസ്ഥാന സമിതി

സ്നേഹം ത്യാഗം സേവനം സഹനം

## സഹനത്തിന്റെ വിശുദ്ധ സാക്ഷ്യം

കാലത്തെ അതിജീവിക്കുന്നവരാണ് വിശുദ്ധർ. നിത്യകാലവും അവർ ജനഹൃദയങ്ങളിൽ ജീവിക്കുന്നു. അതെ വിശുദ്ധിയുടെ പരിമളം പരത്തി ആർഷഭാരതത്തിന്റെ വിരിമാറിൽ അർപ്പണ ജീവിതത്തിന്റെ അർത്ഥം പകർന്നേകിയ വി. അൽഫോൻസാമ്മ ഇന്നും ജീവിക്കുന്നു. ഭൗതിക നേട്ടങ്ങൾ താൽക്കാലികം മാത്രമാണെന്ന് തിരിച്ചറിയാൻ വൈകുന്ന ആധുനികന്റെ ദൈവത്തിലേയ്ക്കുള്ള യാത്രയിൽ ഏറെ പ്രചോദനാത്മകമാണ് ഈ വിശുദ്ധയുടെ മാതൃക.



കുടമാളൂർഗ്രാമത്തിൽ ജനിച്ച് മുട്ടത്തുപാടത്തു ബാല്യകാലം ചെലവഴിച്ച് ഭരണങ്ങാനത്തു വളർന്നു ജീവിച്ചു മരിച്ച ഈ ഗ്രാമീണ കന്യകയുടെ ജീവിത തീർഥാടനത്തിലെ നാൾവഴികളിലൂടെ നാം യാത്ര ചെയ്യുമ്പോൾ സഹനത്തിന്റെ കൂരമ്പുകളെ സ്നേഹപുഷ്പങ്ങളാക്കി സ്വീകരിച്ച രംഗങ്ങളാണ് നമ്മുടെ മുന്നിൽ തെളിയുന്നത്. സഹനത്തെ, സ്നേഹത്തിന്റെ തൈലം പൂശി സുഖമുള്ളനൊമ്പരമാക്കി മാറ്റി എന്നതാണ് ക്ലേശങ്ങളും, വെല്ലുവിളികളും ഭയക്കുന്ന ഇന്നിന്റെ മക്കളിൽ നിന്ന് അൽഫോൻസാമ്മയെ വ്യത്യസ്തയാക്കുന്നത്. ഇന്ന് ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ആയിരിക്കുമ്പോൾ ഈ സംഘടന ഭരണങ്ങാനത്തിന്റെ ശാലീനതയിൽ പൊട്ടിമുളക്കാൻ പ്രചോദനം നൽകിയ വി. അൽഫോൻസാമ്മ കുഞ്ഞുമിഷനറിമാരായ നമ്മെ പഠിപ്പിക്കുന്നത് സഹനം സ്നേഹത്തിന്റെ അടയാളമാണ് എന്ന യാഥാർത്ഥ്യ മാണ്. ജീവിതം പ്രതിസന്ധികളിലും, പ്രശ്നങ്ങളിലും നട്ടം തിരിഞ്ഞപ്പോഴും; ഹൃദയം നിറയെ സ്നേഹവും, ചുണ്ടിൽ പുഞ്ചിരിയും, അധരത്തിൽ പ്രാർത്ഥനാ മന്ത്രങ്ങളും പകർന്ന അൽഫോൻസാമ്മ കുഞ്ഞുമിഷനറിമാരായ നമുക്ക് മാതൃകയും, പ്രചോദനവുമാണ്.

സ്നേഹമുള്ള കുഞ്ഞുമിഷനറിമാരേ. സ്നേഹത്തിന്റെ സുരഭിലപുഷ്പങ്ങൾ വിരിയിച്ച് ഏവർക്കും സ്വാഗതം നൽകി സദാപുഞ്ചിരിതൂകുന്ന വദനവുമായി കാണപ്പെട്ടിരുന്ന അൽഫോൻസാമ്മയെപ്പോലെ ആർദ്രവും പ്രസന്നവുമായ പെരുമാറ്റ ശൈലിയിലൂടെ അനേകർക്ക് ഹൃദ്യതപകരുവാനും, അങ്ങനെ സ്നേഹാർദ്രമായ ഹൃദയത്തോടെ ദൈവകാരുണ്യത്തെ വാഴ്ത്തിപ്പാടുന്ന ഒരു സ്നേഹാർച്ചനയായി നമ്മുടെ ജീവിതത്തെ മാറ്റുവാനും നമുക്ക് പരിശ്രമിക്കാം. പരസ്നേഹ കൃത്യങ്ങളിലൂടെ - സഹോദരസ്നേഹത്തിലൂടെ - നിത്യസമ്മാനം നേടുന്നതിന് ഓടിയ അൽഫോൻസാമ്മയുടെ ദൈവസ്നേഹവും ത്യാഗചൈതന്യവും, സഹനമനോഭാവവും സ്വന്തമാക്കുന്നതിന് അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് പ്രാർത്ഥിക്കാം. പ്രിയമുള്ള എല്ലാ മിഷനറിമാർക്കും പ്ലാറ്റിനം ജൂബിലിയുടെ ആശംസകൾ..... പ്രാർത്ഥനകൾ.....



സി. റോഷ്നി FCC

ഒന്നാം പേജിൽ നിന്ന് തുടർച്ച

കുടുംബത്തെയാണ് സഭ “തിരുക്കുടുംബം” എന്ന് വാഴ്ത്തുന്നത്. കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കിമാറ്റുന്ന മനോഭാവം എന്താണെന്ന് യൗസേപ്പ് എന്ന കുടുംബനാഥനിലൂടെ സുവിശേഷകൻ അവതരിപ്പിക്കുന്നു. തനിക്ക് എന്തെല്ലാം നഷ്ടവും തകർച്ചയും ഉണ്ടായാലും താൻ മൂലം തന്റെ ജീവിത പങ്കാളിയുടെ ഒരു തുള്ളി കണ്ണുനീരുപോലും ഈ ഭൂമിയിൽ വീഴാൻ അനുവദിക്കില്ല എന്ന സ്നേഹ നീതിയുടെ നിർബന്ധബുദ്ധിയാണ് കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കി മാറ്റുന്നത്. സ്വന്തം കുടുംബത്തെ തിരുക്കുടുംബമാക്കാൻ ആഗ്രഹിക്കുന്നവർക്ക് യൗസേപ്പിതാവിന്റെ കുടുംബത്തെ മാതൃകയാക്കാം.

ഒരു പ്രശ്നവും ഇല്ലാത്ത കുടുംബമായിരുന്നില്ല നസ്രത്തിലെ തിരുക്കുടുംബം. മറിച്ച് ഒരു കുടുംബം തകരാൻപോരുന്ന പ്രശ്നങ്ങളിലെ പരമകോടിയായ പ്രശ്നത്തെ അഭിമുഖീകരിച്ച കുടുംബമായിരുന്നു നസ്രത്തിലെ കുടുംബം. എന്നിട്ടും ആ കുടുംബം തകരാതിരുന്നതിന്റെ കാരണം നിയമത്തെ അതിലംഘിക്കുന്ന നീതി അനുഷ്ഠിക്കുന്ന യൗസേപ്പ് തന്റെ ജീവിത പങ്കാളിയുടെ അഭിമാനത്തിന് കാവൽ നിൽക്കാൻ കാട്ടിയ നിർബന്ധബുദ്ധിയാണ്. ദൈവസ്നേഹവും (നീതിമാൻ) പരസ്നേഹവും (ജീവിത പങ്കാളിയോടുള്ള സ്നേഹവും)സമഞ്ജസമായി സമ്മേളിച്ച വ്യക്തി എന്ന നിലയിലാണ് പുതിയ നിയമം യൗസേപ്പിതാവിനെ അവതരിപ്പിച്ചത്. ഈശോ പഠിപ്പിക്കാൻ ആഗ്രഹിച്ച സത്യങ്ങൾ സ്വജീവിതത്തിൽ പകർത്തിക്കൊണ്ട് പുതിയ നിയമത്തിന്റെ ഭൂമിക തീർത്ത കഥാപാത്രമായി യൗസേപ്പ് നിലകൊള്ളുന്നു.

ദാമ്പത്യത്തെ കേവലം ലൈംഗികതയുമായി മാത്രം ബന്ധിപ്പിച്ചു മനസിലാക്കുന്ന ആധുനിക സംസ്ക്കാരത്തിനുള്ള ശക്തമായ തിരുത്തലാണ് വി. യൗസേപ്പിന്റെ വിരക്ത ജീവിതം.

ഉണ്ണീശോയെ, മരണകരമായ അപകടത്തിൽനിന്നും രക്ഷിക്കാൻ ഈജിപ്ത് വരെ ഓടുന്ന യൗസേപ്പിതാവ് മക്കൾക്ക് വേണ്ടി ജീവിക്കുന്ന മാതാപിതാക്കളുടെ പ്രതീകമാണ്. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ആ പിതാവിന് തന്റെ പുത്രനെ അപ്രകാരം വളർത്താൻ കഴിഞ്ഞത് തികച്ചും സ്വഭാവികമായിരുന്നു.

തിരുസഭ വി. യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പിച്ചിരിക്കുന്ന ഈ വർഷത്തിൽ മറ്റുള്ളവരെ വേദനിപ്പിക്കാത്തതും, നീതി നിറഞ്ഞതും, നിരന്തരം ദൈവഹിതത്തിന് വിധേയപ്പെടുന്നതുമായ യൗസേപ്പിതാവിന്റെ മനോഭാവം നമ്മുടെയും ജീവിത ശൈലിയാക്കിമാറ്റാൻ നമുക്ക് പ്രത്യേകം പരിശ്രമിക്കാം. തിരുക്കുടുംബത്തിന്റെ കാവലാളായിരുന്ന വി.യൗസേപ്പിതാവ് ദൈവസന്നിധിയിൽ നമ്മുടെ കുടുംബങ്ങൾക്കായി മദ്ധ്യസ്ഥം വഹിക്കുകയും സംരക്ഷണം ഒരുക്കുകയും ചെയ്യട്ടെ.

**മാർ ജോസഫ് പാംപ്ലാനി**

# 2021-23 മേഖലാ സാരഥികൾ


ആലക്കോട് മേഖല


ചെമ്പന്തൊട്ടി മേഖല


ചെമ്പേരി മേഖല


ചെറുപുഴ മേഖല


എടൂർ മേഖല


കുന്നോത്ത് മേഖല


കാഞ്ഞങ്ങാട് മേഖല


മേരിഗിരി മേഖല

## വിശുദ്ധ ഔസേപ്പിതാവ്

വാക്യങ്ങളില്ലാതെ, വാക്കുകളില്ലാതെ,
സുരലോകനാഥൻതൻ താതനായ് മാറിയോൻ
പറ്റുകയില്ലെന്നുരചെയ്യാമെന്നിട്ടും ദൂതൻതൻ
പുണ്യസന്ദേശം അനുസരിച്ചോൻ

പത്തുമാസം സ്വപത്നിയെ കരുതിനാൻ
ലോകരക്ഷകനൂഴിയിൽ വളർത്തച്ഛനായ്
ഉത്കണ്ഠയോടൊപ്പം ലാളനയേകിയോൻ
ലോകരക്ഷകനീശോതൻ കാവലാളായ്

നിർഭാഗ്യം തേടിവന്നാകുടുംബത്തേയും
നാടുവിട്ടോടിനാർ ദീർഘദൂരം
ബാലനാമീശോതൻ ശിക്ഷണമൊക്കെയും
സഹർഷം ചെയ്തിനാൻ താതനെന്നും

ജ്ഞാനവും ബുദ്ധിയും പ്രായത്തിനോടൊപ്പം
അഭ്യസിച്ചു ബാലൻ താതങ്കൽ നിന്നും
താതനാം യൗസേപ്പിൻ ചാരത്തു നിന്നീശോ
നേടിനാൻ നല്ല ശീലങ്ങൾ മേൽക്കുമേലായ്

ബുദ്ധിയിൽ കേമനായ് ജ്ഞാനത്തിലൊന്നാമനായ്
മാറ്റുമാപുത്രനെ കണ്ടനേരം
ആശ്ചര്യസ്തബ്ധനായ് നിന്ന് പോയ്
ആ പിതാവേറ്റം സന്തോഷത്തോടേറെ നേരം

അന്നൊരുനാൾ പെസഹാതിരുനാളെത്തി
യൗസേപ്പിതാവുതൻ പുത്രനൊപ്പം
എത്തി മഹാദേവാലയത്തിങ്കൽ
ഒപ്പം തൻ പത്നിയും ചാർച്ചക്കാരും

തിരുനാൾ കഴിയവേ മടങ്ങിവന്നീടുകിൽ
ഞെട്ടിത്തരിച്ചുപോയ് ആ കുടുംബം
പന്ത്രണ്ടുകാരനാം തൻപ്രിയപുത്രനെ
കാണായ്കയാൽ തളർന്നുപോയതവർ
തേടിനടന്നവർ കണ്ടത്തീടുകിലവൻ
തർക്കിച്ചിരിപ്പൂ ബഹു കേമർക്കൊപ്പം
തച്ചനായീടുമാ താതൻ തൻ അധ്വാനം
മെച്ചമായ് തീർത്തവർ ജീവിതത്തെ


**ആൻമേരി ചെമ്പനാനിക്കൽ**
*ഉളിക്കൽ*

## *ആശംസ...*



പ്രിയ പ്രേഷിതരേ, ചെറുപുഷ്പ മിഷൻലീഗ് 74 പ്രവർത്തന വർഷങ്ങൾ പൂർത്തിയാക്കി 75-ാം വർഷത്തിലേക്ക്.. സംഘടന പ്ലാറ്റിനം ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ, എല്ലാവർക്കും ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ അതിരൂപതയുടെ ആരംഭത്തിൽ തന്നെ മറ്റ് അജപാലക പ്രവർത്തനങ്ങളോട് ചേർന്ന് ചെറുപുഷ്പമിഷൻലീഗും രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. ഇന്ന് വളർന്ന് 210 ഓളം ശാഖകൾ നമ്മുടെ അതിരൂപതയിൽ ഉണ്ടെങ്കിൽ അതിന് പിറകിൽ ഒത്തിരിയേറെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അൽമായ പ്രേഷിതരുടെയും കഠിനാദ്ധ്വാനവും പ്രേഷിത തീക്ഷ്ണതയോടെയുള്ള പ്രവർത്തനവും ഉണ്ട്. ജൂബിലി വർഷത്തിലേക്കെത്തുമ്പോൾ വ്യക്തിപരമായി എനിക്കും ഒത്തിരിയേറെ നല്ല ഓർമ്മകൾ മിഷൻലീഗുമായി ബന്ധപ്പെട്ട് ഉണ്ട്. പഴയ കാലത്തിന്റെ സജീവമായ പ്രേഷിത ഓർമ്മകൾ കൂടുതൽ സജീവമായി നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കാൻ ഊർജ്ജമായി മാറട്ടെ. അതിരൂപതയിലെ കുഞ്ഞുങ്ങളെയും, ഒത്തിരി അൽമായ പ്രേഷിതരെയും, പ്രേഷിത ചൈതന്യമുള്ളവരാക്കി മാറ്റുന്നതിലും, ധാരാളം നല്ല ദൈവവിളികൾ സംഭാവന ചെയ്യുന്നതിലും, സഭാഭിമുഖ്യമുള്ള വ്യക്തികളാക്കി രൂപാന്തരപ്പെടുത്തുന്നതിലും ചെറുപുഷ്പമിഷൻ ലീഗ് വഹിച്ച പങ്ക് നിസ്തുലമാണ്. പ്രേഷിത മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യ വഴി ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ. ഏവർക്കും പ്ലാറ്റിനം ജൂബിലിയുടെ മംഗളങ്ങൾ നേരുന്നു...


നെല്ലിക്കാംപൊയിൽ മേഖല


പൈസക്കരി മേഖല


പനത്തടി മേഖല


പേരാവൂർ മേഖല


തോമാപുരം മേഖല


തളിപ്പറമ്പ മേഖല


വായാട്ടുപറമ്പ മേഖല


വെള്ളരിക്കുണ്ട് മേഖല

## ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്...



1947 ഒക്ടോബർ 3ന് മാലിപ്പറമ്പിൽ അച്ചന്റേയും പി. സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെയും (കുഞ്ഞേട്ടൻ) നേതൃത്വത്തിൽ വളരെ ലളിതമായി ആരംഭിച്ച ചെറുപുഷ്പ മിഷൻലീഗ് എന്ന സംഘടന ഏഷ്യയിലെതന്നെ ഏറ്റവും വലിയ അൽമായ പ്രേഷിത സംഘടനയായി വളരുകയും, 75 പ്രവർത്തനവർഷങ്ങൾ പൂർത്തിയാക്കാനായി ഒരുങ്ങി, പ്ലാറ്റിനം ജൂബിലി നിറവിൽ ആയിരിക്കുകയാണ്. പഴകുന്തോറും വീഞ്ഞിന് വീര്യം കൂടും എന്ന് പറയുന്നതുപോലെ വർഷങ്ങൾ മുന്നോട്ടുപോകുന്തോറും ഈ ആധുനികകാലഘട്ടത്തിന്റെ സാഹചര്യങ്ങളിലും ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പ്രസക്തി വർദ്ധമാനമാവുകയാണ്. നമുക്ക് ലഭിച്ച വിശ്വാസത്തെ വിലമതിക്കുവാനും, സഭയോട് ചേർന്ന് നിന്ന് വളരുവാനും സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും, പീഠത്തിൽ ഉയർത്തപ്പെട്ട ദീപം പോലെ ചെറുപുഷ്പമിഷൻ ലീഗ് അനേകർക്ക് മാർഗ്ഗദീപമാവുകയാണ്. തീക്ഷ്ണതയുള്ള പ്രേഷിതരായി മാറിയതിലും, വ്യക്തിത്വം കൂടുതൽ പ്രഭയുള്ളതാക്കിയതിലും, നല്ല ദൈവവിളികൾ സ്വീകരിച്ച് ജീവിതം അനുഗ്രഹീതമായി മാറ്റിയതിനും അനേകായിരങ്ങൾ ചെറുപുഷ്പമിഷൻലീഗ് എന്ന സംഘടനയോട് കടപ്പെട്ടിരിക്കുന്നു. ഈ പ്ലാറ്റിനം ജൂബിലി വർഷം, സംഘടനയുടെ ആദിമചൈതന്യത്തെ കൂടുതൽ സ്വാംശീകരിച്ച് പ്രോജ്ജ്വലിപ്പിക്കുവാനും പുതിയ ദിശാബോധത്തോടെ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുവാനുമുള്ള അവസരമാകട്ടെ. പരസ്പരം സ്നേഹിച്ചും, ത്യാഗങ്ങൾ ഏറ്റെടുത്തും സേവനതൽപ്പരരായും, സഹനവേളകളിൽ പരസ്പരം താങ്ങായി മുന്നേറുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ....ഈ ജൂബിലി നിറവിന്റെ വർഷത്തിൽ ഒറ്റമനസ്സോടെ സഹകരിച്ച് നമുക്ക് മുന്നേറാം.

ജയ് മിഷൻ ലീഗ്

*സ്നേഹപൂർവ്വം*
**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ ചെറുപുഷ്പമിഷൻലീഗ്

## ജൂബിലി നിറവിൽ

**സ്നേഹമുള്ള പ്രേഷിത സുഹൃത്തുക്കളെ,**

**നമ്മുടെ ചെറുപുഷ്പമിഷൻലീഗ് 74 പ്രവർത്തന വർഷങ്ങൾ പിന്നിട്ട് 75–ാം പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ എല്ലാവർക്കും പ്ലാറ്റിനം ജൂബിലി മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹത്തോടെ ആശംസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട സംഘടനയെ ഈ ജൂബിലി വർഷത്തിൽ കൂടുതൽ അടുത്തറിയുവാനും സ്നേഹിക്കുവാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ ജീവിത സാക്ഷ്യങ്ങൾ വഴി കൂടുതൽ ആളുകൾ സംഘടനയെ പരിചയപ്പെടുവാൻ ഇടയാകട്ടെ. സംഘടന വഴി നമ്മളിൽ ഓരോരുത്തരിലും ക്രിസ്തീയ വ്യക്തിത്വം കൂടുതലായി പ്രോജ്വലിക്കട്ടെ.. എല്ലാറ്റിനും ഉപരിയായി സംഘടന നമ്മുടെ ജീവനും ജീവിതവുമായി മാറട്ടെ.**



**എല്ലാവർക്കും ഒരു നല്ല പ്രവർത്തന വർഷം ആശംസിക്കുന്നു. സർവ്വശക്തനായ ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ...**

*സ്നേഹത്തോടെ,*
**സുനിൽ കല്ലിടുക്കിൽ**
അതിരൂപത പ്രസിഡണ്ട്.

## സ്വർഗ്ഗീയ മധ്യസ്ഥ

**ചെ**റുപുഷ്പമിഷൻ ലീഗിന്റെ സ്വർഗ്ഗീയമധ്യസ്ഥ വി. കൊച്ചുത്രേസ്യ ആധുനികകാലത്തെ ഏറ്റവും വലിയ വിശുദ്ധയാണ്. 25–ാമത്തെ വയസ്സുവരെ ഈശോയ്ക്കുവേണ്ടി മാത്രം ജീവിച്ച വിശുദ്ധ " സ്നേഹത്തോടെ ഞാൻ വർത്തിക്കുമ്പോൾ എനിക്ക് ചൈതന്യം നൽകുന്നത് എന്റെ ഉള്ളിൽ വസിക്കുന്ന യേശു അല്ലാതെ മറ്റാരുമല്ലെന്ന് എനിക്കറിയാം. അങ്ങയോടുള്ള എന്റെ ഐക്യം എത്ര ഗാഢമാണോ അത്രയും അധികം ഞാൻ എന്റെ സഹോദരങ്ങളെ സ്നേഹിക്കുകയും ചെയ്യുന്നു". എന്ന് പറഞ്ഞ വിശുദ്ധ നമ്മോടും മറ്റുള്ളവരെ സ്നേഹിക്കുന്നതിന് ആഹ്വാനം ചെയ്യുന്നു.

'എന്റെ ജീവിതം നിരന്തരം ഒരു കുഞ്ഞിനെപ്പോലെ ഈശോയ്ക്കു സമർപ്പിച്ചുകൊണ്ടിരിക്കും. നമ്മുടെ ജീവിതം എന്നും എപ്പോഴും വിശുദ്ധമായി തുടരാൻ ഏറ്റവും എളുപ്പമാർഗ്ഗം ഞാൻ ഈശോയുടെ കുഞ്ഞാണെന്ന് ബോധ്യത്തിൽ ജീവിക്കുക എന്നതാണ്.



'എന്റെ ദൈവവിളി സ്നേഹമാണ്' നമ്മുടെ ജീവിതത്തിൽ ഈശോയോടുള്ള സ്നേഹം എത്രത്തോളമുണ്ടെന്ന് നമുക്ക് ചിന്തിക്കാം...

**ജയ്സൺ പുളിച്ചുമാക്കൽ**
അതിരൂപത സെക്രട്ടറി

## ഞാനറിഞ്ഞ ചെറുപുഷ്പമിഷൻ ലീഗ്



'**ഭാ**രതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പയുടെ പ്രവചനം ആദർശവാക്യമായി സ്വീകരിച്ച് ഭാരതത്തിന്റെ ലിസ്യവായ ഭരണങ്ങാനത്ത് മൊട്ടിട്ട ചെറുപുഷ്പമിഷൻലീഗ്, ഇന്ന് വളർന്നു പടർന്നു പന്തലിച്ച് ഏഷ്യയിലെ ഏറ്റവും വലിയ അൽമായ പ്രേഷിതസംഘടനയായി മാറിയിരിക്കുന്നു. 1966-ൽ വെളിമാനം ശാഖയിൽ അംഗത്വം സ്വീകരിച്ച് സംഘടനാപ്രവർത്തനം ആരംഭിച്ചു. 1978-ൽ വിശ്വാസപരിശീലനരംഗത്തേക്ക് കടന്നുവന്നതോടുകൂടി സംഘടനകളിൽ സജീവമായി പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ചു.



മിഷനെയും മിഷനറിമാരേയും സഹായിക്കുക എന്നുള്ള സംഘടനയുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഭവനസന്ദർശനം നടത്തി പിടിയരി ശേഖരിക്കുകയും രോഗികളെയും, വൃദ്ധരായ മാതാപിതാക്കളെയും സന്ദർശിച്ച് സംഘടനാപ്രവർത്തനം തുടർന്നു. സുകൃതങ്ങൾ അനുഷ്ഠിച്ചതും, വചനം വായിച്ചതും ആശയടക്കം നടത്തിയതും സുകൃതഡയറി പൂരിപ്പിച്ചു. പള്ളിപ്പറമ്പിൽ കൃഷിചെയ്തതും തിരുനാളിനോടനുബന്ധിച്ചു കച്ചവടം നടത്തിയതും മനസ്സിൽ മായാതെ നിൽക്കുന്നു. ബഹു. ഡയറക്ടറച്ചൻമാരുടെ നേതൃത്വത്തിൽ ഭവനനിർമ്മാണത്തിനു കട്ടചുമന്നതും ചെണ്ടൻകപ്പയും, കാന്താരിമുളകരച്ചതും കഴിച്ചതും കട്ടൻകാപ്പി കുടിച്ചതും ഓർമ്മയിൽ മിഴിവാർന്നുനിൽക്കുന്നു.



ഗ്രൂപ്പുലീഡറായി നേതൃത്വത്തിൽ വന്ന് ശാഖാസീനിയർ ഭാരവാഹി, ആനിമേറ്റർ എന്നീ നിലകളിൽ നിന്നും മേഖലാ, രൂപതാ സംസ്ഥാന, ദേശീയ, അന്തർദേശീയതലങ്ങളിൽ ഭാരവാഹിത്വം വഹിക്കാൻ അവസരം ലഭിച്ചു. വിജയവാഡ, ഛാന്ദാ, സാംഗ്ലി, അദീലാബാദ്, ഭദ്രാവതി തുടങ്ങിയ മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുവാനും അവിടുത്തെ മിഷൻ പ്രവർത്തനങ്ങൾനേരിട്ട് മനസ്സിലാക്കാനും സാധിച്ചു. നീണ്ടവർഷത്തെ സംഘടനാപ്രവർത്തനങ്ങളിൽ ഒളിമങ്ങാതെ നിൽക്കുന്ന ചിത്രം സ്ഥാപകപിതാവായ ബഹു. മാലിപ്പറമ്പിലച്ചനെ കാണുവാനും സ്ഥാപകനേതാവായ കുഞ്ഞേട്ടനോടൊപ്പം പ്രവർത്തിക്കുവാനും സാധിച്ചു എന്നുള്ളതാണ് ഇവർ രണ്ടുപേരുടെയും മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുവാനും സാധിച്ചു. കുഞ്ഞേട്ടന്റെ മൃതസംസ്കാര ചടങ്ങിനോടനുബന്ധിച്ചു നടന്ന വിലാപയാത്രയിൽ ആരംഭഗ്രൂപ്പിനെ അനുസ്മരിച്ച് ഏഴ്പേർ മിഷൻലീഗ് പതാക വഹിച്ചതിൽ ഒരാൾ ആകുവാനും എനിക്ക് ഭാഗ്യം ലഭിച്ചു.



നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് എനിക്ക് പ്രചോദനമായത് ബഹു. വൈദീകരുടെയും ബഹു. സിസ്റ്റേഴ്സിന്റെയും, മതാദ്ധ്യാപകരുടെയും, സഹപ്രവർത്തകരുടെയും പ്രോത്സാഹനവും ദൈവത്തിന്റെ പ്രത്യേക പരിപാലനയുമാണ്. അതോടൊപ്പം എന്റെ ക്ലാസ്സുകളിൽ നിന്നും പഠിച്ചുപോയ കുട്ടികളിൽ പലരും ഇന്ന് സമർപ്പിതജീവിതം നയിക്കുന്നു എന്നു കാണുമ്പോൾ ഒത്തിരി അഭിമാനം തോന്നുന്നു. സംഘടന ഇന്നു പ്ലാറ്റിനം ജൂബിലി നിറവിൽ നിൽക്കുമ്പോൾ കുഞ്ഞുമിഷനറിമാരോട് എനിക്കു പറയാനുള്ളത് ജീവിതസാഹചര്യങ്ങൾക്കും കാഴ്ചപ്പാടുകൾക്കും മാറ്റം വന്നെങ്കിലും കാലഘട്ടത്തിനനുസൃതമായി മിഷൻ ലീഗ് സംഘടനയിൽ പ്രവർത്തിക്കുവാൻ നിങ്ങൾ പരിശ്രമിക്കണം എന്നാണ്. ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.



**ഏലിക്കുട്ടി എടാട്ട്**
അതിരൂപതാ ജോ. സെക്രട്ടറി, വെളിമാനം

## ആശംസ



ബേബി പ്ലാശ്ശേരിൽ
(സംസ്ഥാന പ്രസിഡന്റ്)

*__അ__ൽഫോൻസാമ്മയുടെ ജീവിതം കൊണ്ട് ധന്യമായ ഭരണങ്ങാനത്ത് ഫാ. ജോസഫ് മനനാലിപ്പറമ്പിൽ അച്ചന്റെ മിഷൻലീഗ് കുഞ്ഞേട്ടൻ എന്ന് വിശേഷിപ്പിക്കുന്ന കുഞ്ഞേട്ടനെയും അൽഫോൻസാമ്മയുടെ കൂട്ടായ്മയിൽ 1947 ഒക്ടോബർ 3ന് ഉദ്ഘാടനം ചെയ്യപ്പെട്ട അൽമായ സംഘടന ഇന്ന് എഴുപത്തഞ്ചിന്റെ നിറവിൽ എത്തിനിൽക്കുന്നു. അൻപത്തിരണ്ട് മെത്രാൻമാർ അനവധി വൈദികർ, സന്യസ്തർ എന്നിവരെ സഭയ്ക്ക് സമ്മാനിച്ചു.എന്നാൽ അതിലും എത്രയോ അധികമായ് അൽമായരെ വിവിധതലങ്ങളിൽ വിശ്വാസ – മൂല്യാധിഷ്ഠിതമായ നേതൃസ്ഥാനത്തേക്ക് എത്തിച്ചിരിക്കുന്നു ഭാരതത്തിന്റെ സുപ്രീംകോർട്ട് ജഡ്ജിയായി വിരമിച്ച് ഇന്നും സഭയ്ക്കു വേണ്ടി സഭയിൽ നിന്ന് പ്രവർത്തിക്കുന്ന ജസ്റ്റിസ് കുര്യൻ ജോസഫ് സാർ സമാനതയില്ലാത്ത ഒരു മിഷൻലീഗ് അംഗമാണ്. എനിക്കും അഭിമാനത്തോടെ പറയാൻ സാധിക്കും ആറാംക്ലാസ്സിൽ പഠിക്കുമ്പോൾ മുതൽ അൾത്താരബാലനും തുടർന്ന് എന്റെ ഇടവകയിൽ കുഞ്ഞേട്ടന്റെ വരവോടെ മിഷൻ ലീഗിൽ പ്രവർത്തിക്കാൻ തുടങ്ങിയതും. ഇന്ന് ഞാൻ സംസ്ഥാനതലത്തിൽ വരെ എത്തിനിൽക്കുന്നെങ്കിൽ തീർച്ചയായും ദേവാലയവും അതിനോട് ചേർന്നുള്ള ജീവിതവും എന്റെ മിഷൻലീഗ് പ്രവർത്തനവും ആണെന്ന്. ആറ് വർഷക്കാലത്തെ അതിരൂപത മിഷൻലീഗിലെ പ്രവർത്തനവും പരിചയവുമാണ് എന്നെ സംസ്ഥാനതലത്തിൽ എത്തിച്ചത്. അതിന് ഞാൻ അതിരൂപതയോട് കടപ്പെട്ടിരിക്കുന്നു.*

*ഇന്ന് അതിരൂപതാപ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുന്ന ഡയറക്ടർ വിപിൻ അച്ചനും പ്രസിഡന്റ് സുനിൽ സാറിനും എക്സിക്യുട്ടീവ് അംഗങ്ങൾക്കും എല്ലാവിധ നന്മയും നേരുന്നു. അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നന്ദിയും കടപ്പാടും അറിയിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടെ ഇനിയും പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.*



MAKTHAB, 2203017